വിജയശ്രീ

# കുടുംബശ്രീ ഉൽപന്നങ്ങൾ ഇനി ആമസോണിൽ ലഭ്യം

കുടുംബശ്രീയുടെ ഉൽപന്നങ്ങൾ സാധാരണമായി ലഭിക്കുന്നത് വിപണന മേളകളിലൂടെയും പഞ്ചായത്തുകളിൽ ആഴ്ച്തോറുമുള്ള ആഴ്ച ചന്തകൾ, മാസച്ചന്തകൾ എന്നിവ വഴിയാണ്. ഇത് കൂടാതെ കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഹോം ഷോപ്പുകൾ വഴിയും ഉൽപന്നങ്ങൾ ലഭിക്കും. അത് മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ കുടുംബശ്രീ തുടങ്ങിയിട്ടുണ്ട്. ഇതു കൂടാതെ മറ്റൊരു പ്രധാന വിപണന ശൃംഖല സ്ഥിര വിപണന കേന്ദ്രങ്ങളാണ്. കഴിഞ്ഞവർഷം 500 ഓളം സൂപ്പർമാർക്കറ്റുകളിൽ കുടുംബശ്രീ ഉൽപന്നങ്ങൾ ലഭ്യമാക്കി കഴിഞ്ഞു. ഇതു കൂടാതെ 14 ജില്ലകളിലും കുടുംബശ്രീയുടേതായി ഓരോ സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുന്ന നടപടി പുരോഗമിക്കുകയാണ്. വയനാടും പത്തനംതിട്ടയും സൂപ്പർമാർക്കറ്റുകൾ ആരംഭിച്ചു.

വിപണനത്തിന് ഏറ്റവും നൂതനമായ മേഖലയാണ് ഓൺലൈൻ വിപണി. ആളുകൾക്ക് ഓൺലൈൻ വഴി ലോകത്തിൽ എവിടെനിന്നും ഉൽപന്നങ്ങൾ വാങ്ങാം. ഇതിനായി 'കുടുംബശ്രീബസാർ.കോം' എന്ന സ്വന്തമായ ഇ-കൊമേഴ്സ് വെബ്സൈറ്റും കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്. 450ലേറെ ഉൽപന്നങ്ങൾ ഇതുവഴി വാങ്ങാം. പോസ്റ്റൽ വഴിയും ഉൽപന്നങ്ങൾ ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകും. ഓൺലൈൻ വ്യാപാരമേഖലയിലെ ലോകത്തിലെ ഏറ്റവും വലിയ സേവനദാതാവായ ആമസോണുമായി കുടുംബശ്രീ മാർച്ചിൽ കരാറിലെത്തിയിരുന്നു.

നിലവിൽ 200 കുടുംബശ്രീ ഉൽപന്നങ്ങൾ ആമസോണിൽ ലഭ്യമാണ്. ആദ്യ മൂന്ന് മാസങ്ങളിൽ 500 ഉൽപന്നങ്ങൾ ആമസോണിൽ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കുടുംബശ്രീ ഉൽപന്നങ്ങൾ വാങ്ങാൻ താൽപര്യമുള്ളവർ ആമസോൺ.കോം വെബ്സൈറ്റിൽ കുടുംബശ്രീ എന്ന് സെർച്ച് ചെയ്താൽ ഉൽപന്നങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭിക്കും. നിങ്ങളുടെ കൈയിലേക്ക് ഉൽപന്നങ്ങൾ എത്താൻ നേരിട്ടുള്ള വഴിയാണിത്.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ

## 32 തൊഴിൽ മേഖലകളിലായി

# 127ൽ ഏറെ കോഴ്സുകൾ

**കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 127ൽ ഏറെ കോഴ്സുകളിൽ പരിശീലനം നേടാനാകും.**

ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്കു പദ്ധതി വഴി സൗജന്യമായി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പ് നൽകുന്നു. കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 127ൽ ഏറെ കോഴ്സുകളിൽ പരിശീലനം നേടാം. 15 വയസ്സു മുതൽ 35 വയസ്സുവരെ പ്രായമുള്ളവർക്കു പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു. താമസവും ഭക്ഷണവും സൗജന്യമാണ്.

ഇൻഫർമേഷൻ ടെക്നോളജി (ഐടി)- ഇൻഫർമേഷൻ ടെക്നോളജി എനാബിൾഡ് സർവീസ് (ഐടിഇഎസ്) എന്ന മേഖലയിലും താൽപര്യമുള്ളവർക്ക് വിവിധ തൊഴിലുകളിൽ നൈപുണ്യ പരിശീലനം നൽകി വരുന്നു. അക്കൗണ്ട്സ് അസിസ്റ്റന്റ് ടാലി, ഡിടിപി ആൻഡ് പ്രിന്റ് പബ്ലിഷിങ് അസിസ്റ്റന്റ് ഡിടിപി അസോസിയേറ്റ്, ഡൊമസ്റ്റിക് ഡേറ്റ എൻട്രി ഓപ്പറേറ്റർ, കംപ്യൂട്ടർ ഹാർഡ്‌വെയർ അസിസ്റ്റന്റ്, ടെക്നിക്കൽ സപ്പോർട്ട് എക്സിക്യൂട്ടീവ്, ജൂനിയർ സോഫ്റ്റ്‌വെയർ ഡവലപ്പ്മെന്റ്, വെബ് ഡവലപ്പർ, ബിപിഐ-നോൺ വോയ്സ് എന്നീ കോഴ്സുകളിലാണ് ഈ മേഖലയിൽ പരിശീലനം നൽകുന്നത്. 10,355 പേർ ഈ കോഴ്സുകളിൽ പരിശീലനം നേടി. അതിൽ 8140 പേർക്കു ജോലി ലഭിച്ചു. 10,000 രൂപയാണ് ശരാശരി ശമ്പളം. 35,000 രൂപ വരെ ശമ്പളം നേടുന്നവരുമുണ്ട്. വിവിധ ജില്ലകളിൽ പരിശീലന കേന്ദ്രങ്ങളുണ്ട്. പരിശീലന കേന്ദ്രങ്ങളില്ലാത്ത ജില്ലക്കാർക്ക് മറ്റു ജില്ലകളിൽ താമസിച്ചു പരിശീലനം നേടാനും സൗകര്യമുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് :
**കോൾസെന്റർ നമ്പരിൽ വിളിക്കാം- 0484 2959595**



# വിസ്മയമായി പാദരക്ഷകളും!

ഒരു തൊഴിലെടുത്തു ജീവിക്കാനുറച്ചിറങ്ങുന്നവർക്ക് എന്നും തുണയാണ് കുടുംബശ്രീ. നാടിനെയും നാട്ടുകാരെയും ഒരുമിപ്പിച്ചു പതിനായിരക്കണക്കിന് സ്ത്രീകൾക്കും അതുവഴി കുടുംബങ്ങൾക്കും വരുമാന മാർഗം കണ്ടെത്തി നൽകുന്ന കുടുംബശ്രീയുടെ അത്തൊരുമൊരു ഇടപെടലിന് ഉദാഹരണമാണ് കോഴിക്കോട് ജില്ലയിലെ ഫാറൂഖിലെ 'വിസ്മയ ഫുട്‌വെയർ അപ്പർ സ്റ്റിച്ചിങ് യൂണിറ്റ്'. ഇന്ത്യയിലെ പാദരക്ഷാ വ്യവസായത്തിൽ പ്രധാന സ്ഥാനമുള്ള കോഴിക്കോടിന്റെ ഈ മേഖലയിലെ വാർഷിക വരുമാനം 1500 കോടിയിലേറെയാണ്. 25000ത്തിലേറെ തൊഴിലാളികളാണ് ഇവിടെ ജോലിചെയ്യുന്നത്.

കോഴിക്കോടിന്റെ ഈ വ്യവസായ മേഖലയിലൂടെ അയൽക്കൂട്ട വനിതകൾക്കു വരുമാന മാർഗം തുറന്ന് കൊടുക്കാനുള്ള കുടുംബശ്രീയുടെ ശ്രമഫലമാണ് വിസ്മയ ഫുട്‌വെയർ അപ്പർ സ്റ്റിച്ചിങ് സെന്റർ. ഫറോക്ക് സിഡിഎസിന് കീഴിലുള്ള 90 ഓളം അയൽക്കൂട്ട വനിതകൾ ഇന്ന് ഇതുവഴി ഉപജീവന മാർഗം കണ്ടെത്തുന്നു. തദ്ദേശ സ്ഥാപനവും പാദരക്ഷാ വ്യവസായത്തിലെ പ്രമുഖ കമ്പനിയായ വികെസി ഗ്രൂപ്പും കുടുംബശ്രീക്കൊപ്പം കൈകോർത്താണ് പത്തു പേർ വീതമുള്ള പത്തു യൂണിറ്റുകളുൾപ്പെടുന്ന വിസ്മയ സെന്റർ ആരംഭിച്ചത്. പരിശീലനം ലഭിച്ച തൊഴിലാളികളുടെ അഭാവം ഈ മേഖലയിലുണ്ടെന്നു കണ്ടെത്തി അയൽക്കൂട്ട അംഗങ്ങളെ തിരഞ്ഞെടുത്ത് അവർക്കു പരിശീലനം നൽകാനായി തയാറാക്കുകയായിരുന്നു കുടുംബശ്രീ. എല്ലാ സൗകര്യങ്ങളുമുൾപ്പെടുന്ന 2500 ചതുരശ്രയടി വരുന്ന കെട്ടിടം മിതമായ വാടകയ്ക്ക് അന്ന് ഫറൂക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകി. പരിശീലനം നൽകൽ, മെഷീനുകൾ നൽകൽ, അസംസ്കൃത വസ്തുക്കൾ നൽകൽ, ഉൽപന്നങ്ങൾ തിരിച്ചെടുക്കൽ എന്നിവയ്ക്ക് വികെസി ഗ്രൂപ്പുമായി കരാറിലുമെത്തി. അങ്ങനെ 2013 ഏപ്രിലിൽ ഈ കെട്ടിടത്തിൽ വിസ്മയ 1, വിസ്മയ 2 എന്നിങ്ങനെയുള്ള പേരിൽ പത്ത് യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചു. മൂന്നു ലക്ഷം രൂപ ബാങ്ക് ലോണും ഗുണഭോക്തൃ വിഹിതമായി ഓരോരുത്തരുമെടുത്ത 10000 രൂപ വീതം ചേർത്ത് ഒരു ലക്ഷം രൂപ അടക്കം അഞ്ച് ലക്ഷം മുതൽ മുടക്കിയാണ് ഓരോ യൂണിറ്റും ആരംഭിച്ചത്. സബ്സിഡിയായി 1.5 ലക്ഷം രൂപയും കിട്ടി.

ലെതറും റെക്സിനും ഉപയോഗിച്ച് കമ്പനി നിർദേശിക്കുന്ന ഡിസൈനിൽ പാദരക്ഷകളുടെ അപ്പർ (മുകൾ ഭാഗം) തയാറാക്കി നൽകുന്ന ജോലിയാണ് ഓരോ യൂണിറ്റിലും ചെയ്യുന്നത്. കമ്പനിയിൽനിന്ന് അസംസ്കൃത വസ്തുക്കൾ എത്തിക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ (ചിലപ്പോൾ ഒരു ദിവസം, അല്ലെങ്കിൽ രണ്ടോ മൂന്നോ ദിവസം) ഡിസൈൻ പൂർത്തിയാക്കുന്നു. മുത്തുകളോ മറ്റ് വസ്തുക്കളോ വച്ച് അലങ്കരിച്ച് ബക്കിൾ വച്ചാണ് ഡിസൈൻ പൂർത്തിയാക്കുന്നത്. ഇത് കമ്പനി തന്നെ വന്നു തിരിച്ചെടുക്കുന്നു. ഓരോ മോഡലിനും അനുസരിച്ച് 6.5 രൂപ മുതൽ 16.5 രൂപ വരെ ലഭിക്കും. ഉൽപാദന ക്ഷമത അനുസരിച്ചാണു വരുമാനം. യൂണിറ്റ് അംഗങ്ങളായ എം. ബിജിത, ജെഷി കൃഷ്ണ, കെ.പി. പ്രിയ തുടങ്ങിയ 80 ഓളം വനിതകൾക്കു ശരാശരി 10,000 രൂപ വരെ ഇപ്പോൾ മാസം വരുമാനമായി ലഭിക്കുന്നു.

## 17 ലക്ഷം രൂപയുടെ 'മനോരമ സമ്മാനങ്ങൾ'




സംസ്ഥാനത്തെ ഏറ്റവും മികച്ച മൂന്നു വനിതാ കൂട്ടായ്മകൾക്കു യഥാക്രമം അഞ്ചു ലക്ഷം, മൂന്നു ലക്ഷം, രണ്ടു ലക്ഷം രൂപ വീതം മനോരമയുടെ സമ്മാനം! ജില്ലാ തലത്തിൽ 50,000 രൂപ വീതം സമ്മാനം . നിങ്ങൾ അപേക്ഷ അയച്ചുവോ? കൂടുതൽ വിവരങ്ങൾക്കു കഴിഞ്ഞ ലക്കം മനോരമ ആഴ്ചപ്പതിപ്പ് കാണുക.

**കുടുംബശ്രീ ഇൻഫൊ**

## മഹിളാ മാളിന് വനിതാ വികസന കോർപ്പറേഷൻ ബഹുമതി

കുടുംബശ്രീ കോഴിക്കോട് സിഡിഎസിനു കീഴിലുള്ള സൂക്ഷ്മ സംരംഭ സംഘമായ യൂണിറ്റി ഗ്രൂപ്പിന്റേതായി തുടക്കമിട്ട മഹിളാ മാളിന് കേരള സംസ്ഥാന വനിതാ വികസന കോർപറേഷന്റെ ബഹുമതി. യൂണിറ്റി ഗ്രൂപ്പിന്റെ സെക്രട്ടറിയായ വിജയയ്ക്ക് ഏറ്റവും മികച്ച സംരംഭകയ്ക്കുള്ള അവാർഡാണു ലഭിച്ചത്.